## പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1554 — 22.03.2013-ലെ മറുപടിക്ക്

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിചെലവ്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.എളമരം കരീം<br>ശ്രീ.എം.ചന്ദ്രൻ<br>ശ്രീ.സി.കൃഷ്ണൻ<br>ശ്രീ.കെ.രാധാകൃഷ്ണൻ | | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിച്ചെലവ് സംബന്ധിച്ച വിലയിരുത്തൽ സർക്കാർ നടത്തിയിട്ടുണ്ടോ ; | എ) | ഉണ്ട്. |
| ബി) വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വിഹിതം ആകെ പദ്ധതിയുടെ എത്ര ശതമാനം വരുമെന്നറിയിക്കാമോ ; | ബി) | ഇരുപത്തിമൂന്ന് ശതമാനം |
| സി) പദ്ധതിച്ചെലവ് 2012-13 വർഷത്തിലെ ഓരോ മാസവും ആകെ പദ്ധതിയുടെ ശതമാനക്കണക്കിൽ ലഭ്യമാക്കുമോ ; | സി) | 2012-13 സാമ്പത്തിക വർഷത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ചെലവ് ശതമാന കണക്കിൽ (താൽക്കാലികം) ചുവടെ ചേർക്കുന്നു. (04/2012 മുതൽ 2/13 വരെ) |

| മാസം | തൽമാസ ശതമാനം | ശതമാനം (ആകെ) |
|---|---|---|
| 4/2012 | 0 | 0 |
| 5/2012 | 0 | 0 |
| 6/2012 | 0 | 0 |
| 7/2012 | 1 | 1 |
| 8/2012 | 2 | 3 |
| 9/2012 | 1 | 4 |
| 10/2012 | 3 | 7 |
| 11/2012 | 1 | 8 |
| 12/2012 | 3 | 11 |
| 1/2013 | 14 | 25 |
| 2/2013 | 14 | 39 |

ഡി) പദ്ധതിച്ചെലവ് വർദ്ധിപ്പിക്കുന്നതിനായി സർക്കാർ ആദ്യം പുറപ്പെടുവിച്ച മാർഗ്ഗരേഖയിൽ വരുത്തിയ മാറ്റങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ; ഇങ്ങനെ ചെയ്തിട്ടും പദ്ധതിച്ചെലവിൽ കുറവ് വരുവാനിടയായ സാഹചര്യമെന്തെന്ന് അറിയിക്കാമോ ?

ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മേഖലാ വകയിരുത്തൽ 45 ശതമാനത്തിൽ കൂടാത്ത തുക പശ്ചാത്തല മേഖലയ്ക്കായി നീക്കി വയ്ക്കാവുന്നതാണ് എന്നത് പൊതുവിഭാഗം ഫണ്ടിന്റെ (എസ്.സി.പി, റ്റി.എസ്.പി., ലോകബാങ്ക് ധനസഹായം, പ്രത്യേക ഗ്രാന്റ് എന്നിവ കൂടാതെ) 45 ശതമാനത്തിൽ കൂടാത്ത തുക എന്നാക്കി മാറ്റം വരുത്തിയിരുന്നു. കൂടാതെ വനിതാഘടക പദ്ധതി കുട്ടികൾ, വൃദ്ധർ, വികലാംഗർ, മറ്റ് ദുർബല വിഭാഗക്കാർ എന്നിവയ്ക്ക് വേണ്ടി ചുരുങ്ങിയത് 10% തുകയെങ്കിലും പൊതു ഫണ്ടിൽ നിന്ന് നീക്കിവയ്ക്കേണ്ടതാണ് എന്നതിന് പകരം വനിതാ ഘടക പദ്ധതിക്ക് 10% തുകയെന്നും വൃദ്ധർ, കുട്ടികൾ, വിഭിന്നശേഷിയുള്ളവർ, മറ്റ് ദുർബല വിഭാഗങ്ങൾ, പാലിയേറ്റീവ് കെയർ രോഗികൾ എന്നിവർക്കു വേണ്ടി ചുരുങ്ങിയത് 5% തുകയെങ്കിലും വികസന ഫണ്ടിൽ നിന്നും നീക്കി വയ്ക്കേണ്ടതാണെന്ന് മാറ്റിയിട്ടുണ്ട്.

പ്ലാൻ കോ-ഓർഡിനേറ്ററായി ഒരു സീനിയർ നിർവ്വഹണോദ്യാഗസ്ഥനെ നിശ്ചയിക്കണമെന്നത് മാറ്റി ആസൂത്രണത്തിൽ പ്രാവിണ്യമുള്ള ഘടക സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിലെ യു.ഡി. സ്റ്റാറ്റസിൽ കുറയാത്ത ഒരുദ്യോഗസ്ഥനെയോ, നിർവ്വഹണ ഉദ്യോഗസ്ഥനെയോ നിശ്ചയിക്കാമെന്ന് ആക്കിയിരുന്നു.

വർക്കിംഗ് ഗ്രൂപ്പിൽ ഒരു ഉദ്യോഗസ്ഥനോ, ജനപ്രതിനിധിയോ അല്ലാത്ത വിദഗ്ദ്ധനെ വൈസ് ചെയർമാനായി തെരഞ്ഞെടുക്കണമെന്നത് പുതിയതായി ഉൾപ്പെടുത്തി.

വർക്കിംഗ് ഗ്രൂപ്പിന്റെ ചെയർപേഴ്സൺ സ്ഥാനത്തിൽ ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റിയിലെ ചെയർമാനല്ലാത്ത അംഗമായിരിക്കണമെന്നും ഓരോ വർക്കിംഗ് ഗ്രൂപ്പിനും പ്രത്യേകം ചെയർപേഴ്സണാകാൻ അംഗങ്ങൾ തികഞ്ഞില്ലെങ്കിൽ ഒരാൾക്ക് ഒന്നിലധികം വർക്കിംഗ് ഗ്രൂപ്പിന്റെ ചെയർപേഴ്സണാകാം എന്നുള്ളത് ഇപ്രകാരം തികയാതെ വരുമ്പോൾ

ധനകാര്യം ഉൾപ്പെടെയുള്ള മറ്റ് സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ നിന്നും ചെയർമാനാകാത്ത ഒരംഗത്തെ തെരഞ്ഞെടുക്കാമെന്നും എന്നിട്ടും തികയാതെ വന്നാൽ മാത്രം ഒന്നിലധികം സ്റ്റാൻഡിംഗ് കമ്മിറ്റി കളുടെ ചുമതല വഹിക്കാമെന്നും മാറ്റി നിർദ്ദേശിച്ചിട്ടുണ്ട്.

കൂടാതെ അനിവാര്യ സന്ദർഭങ്ങളിൽ പ്രസിഡന്റിന് ഏതൊരു വർക്കിംഗ് ഗ്രൂപ്പുകളുടേയും ചെയർമാൻ സ്ഥാനം വഹിക്കാവുന്നതാണെന്നുള്ളത് പുതിയതായി ഉൾപ്പെടുത്തി.

എസ്റ്റിമേറ്റുകൾക്ക് സാങ്കേതിക അനുമതി നൽകുന്ന ഉദ്യോഗസ്ഥർ സംബന്ധിച്ച വിഷയവും പദ്ധതി ആസൂത്രണ - മോണിറ്ററിംഗ് ചെലവുകൾ സംബന്ധിച്ച വ്യക്തമായ കണക്കുകളും പുതിയതായി ഉൾപ്പെടുത്തി.

അനിവാര്യ സന്ദർഭങ്ങളിൽ പ്രോജക്ട് ഭേദഗതി ചെയ്യേണ്ട സാഹചര്യം വന്നാൽ അങ്ങനെയുള്ള ഭേദഗതി പ്രോജക്ടുകൾക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങേണ്ടതാണ് എന്നത് പുതിയതായി ഉൾപ്പെടുത്തി.

ഇവയൊക്കെയാണ് പുതുക്കിയ മാർഗ്ഗരേഖയിൽ വന്ന പ്രധാനപ്പെട്ട മാറ്റങ്ങൾ.

സാമ്പത്തിക വർഷം പൂർത്തിയായിട്ടു മാത്രമേ പദ്ധതി വിഹിതത്തിലെ ചെലവിൽ കുറവ് വന്നിട്ടുണ്ടോയെന്ന് അറിയാൻ സാധിക്കുകയുള്ളൂ.

സെക്ഷൻ ഓഫീസർ